## പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.154 — 16.06.2014 ന് മറുപടിയ്ക്ക്

### ട്രക്കിംഗ് ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) സഞ്ചാരികളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കി വനമേഖലകളിൽ ട്രക്കിംഗ് ടൂറിസം നടത്തുന്ന കാര്യം പരിഗണിക്കുമോ ; | (എ) സഞ്ചാരികളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കി വനമേഖലകളിൽ ട്രക്കിംഗ് ടൂറിസം നടത്തി വരുന്നുണ്ട്. |
| (ബി) വനസംരക്ഷണ സമിതിയുടെ പ്രവർത്തനം ഇതിനായി കൂടുതൽ കാര്യക്ഷമമാക്കുമോ; | (ബി) വനസംരക്ഷണ സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇപ്പോൾ വന സംരക്ഷണ സമിതികളിലേയും, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിലേയും അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകി അവരെ ഇക്കോ ടൂറിസം ഗൈഡുകളായും, കൂടാതെ ട്രക്കിംഗ് ടൂറിസവുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾക്കും നിയോഗിക്കുന്നുണ്ട്. |
| (സി) വനത്തെ സംരക്ഷിക്കുവാനും അത്യന്താധുനിക ക്യാമറകൾ ഉപയോഗിച്ച് ട്രക്കിംഗ് സഞ്ചാരികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും ഉള്ള നടപടികൾ ഇതിൽ ഉൾപ്പെടുത്തുമോ? | (സി) വന സംരക്ഷണത്തിനും, സഞ്ചാരികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ലഭ്യത അനുസരിച്ച് അത്യാധുനിക ക്യാമറകൾ ഉപയോഗിച്ചുവരുന്നുണ്ട്. ആവശ്യമുള്ള പക്ഷം കൂടുതൽ ക്യാമറകൾ ഉപയോഗിച്ച് വനസംരക്ഷണം ഉറപ്പ വരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ